# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം
ഫെബ്രുവരി 26, 2018 കരമന, തിരുവനന്തപുരം

## <u>പത്രക്കുറിപ്പ്</u>

## <u>വാറ്റ് അസ്സസ്മെന്റ് പൂർത്തീകരിക്കാൻ സ്ക്രൂട്ടണി മോഡ്യൂൾ.</u>

തിരുവനന്തപുരം: സംസ്ഥാനത്തെ വ്യാപാരികളുടെ വാറ്റ് അസ്സസ്സ്മെന്റുകൾ തീർപ്പാക്കാൻ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുതിയ സ്ക്രൂട്ടണി മോഡ്യൂൾ തയ്യാറാക്കി. വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ ഹാളിൽ സംഘടിപ്പിച്ച ദ്വിദിന പോസ്റ്റ് ബഡ്ജറ്റ് ശില്പശാലയിൽ സംസ്ഥാന ധനകാര്യ കയർ വകുപ്പ് മന്ത്രി ഡോ.ടി.എം. തോമസ് ഐസക്കിന്റെ സാന്നിധ്യത്തിൽ മോഡ്യൂൾ പ്രർദർശിപ്പിച്ചു.

വ്യാപാരികളുടെ വാറ്റ് അസസ്സ്മെന്റുകൾ സ്ക്രൂട്ടണി മോഡ്യൂൾ വഴിയാകുന്നതോടെ വകുപ്പിന്റെ നികുതി അസസ്സ്മെന്റ് ജോലികൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാകും. നിയമത്തിന്റെയും നികുതി നിരക്കിന്റെയും ശരിയായ വ്യാഖ്യാനം നടക്കുന്നതോടൊപ്പം വർഷങ്ങൾ എടുത്തിരുന്ന സ്ക്രൂട്ടണി ജോലികൾ മിനിട്ടുകൾ കൊണ്ട് പൂർത്തിയാക്കാനും കഴിയും. നിലവിൽ വ്യാപാരികൾ കെവാറ്റീസിൽ സമർപ്പിച്ച എല്ലാ വിവരങ്ങളും ഓൺലൈനായി തന്നെ സ്ക്രൂട്ടണി മോഡ്യൂളിൽ ലഭ്യമാകും. കൂടാതെ വ്യാപാരികൾ ഓഫീസിൽ സമർപ്പിക്കുന്ന സ്റ്റാറ്റ്യൂട്ടറി ഫോറങ്ങളിലെ വിവരങ്ങൾ അസസ്സ്മെന്റ് ഉദ്ധ്യോഗസ്ഥർ മോഡ്യൂളിൽ അപ്ലോഡ് ചെയ്യും. തുടർന്നുള്ള അസസ്സ്മെന്റും സ്ക്രൂട്ടണി മോഡ്യൂളിൽ തന്നെ ചെയ്യുന്നതിനാൽ അസസ്സ്മെന്റ് സുതാര്യവും, പരാതി രഹിതവുമാകും. സ്ക്രൂട്ടണി മൊഡ്യൂളിന്റെ സഹായത്തോടെ നികുതി നിർണ്ണയം നടത്താൻ ഇതിനകം തന്നെ സംസ്ഥാനത്തെ മുഴുവൻ ചരക്ക് സേവന നികുതി വകുപ്പ് ഓഫിസർമാർക്കും പരിശീലനം നൽകി കഴിഞ്ഞു.

നികുതി നിർണ്ണയം ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത ഫയലുകളിൽ 2011–12 സാമ്പത്തിക വർഷം മുതൽ വ്യാപാരികൾ സമർപ്പിക്കാൻ ബാക്കിയുള്ള സ്റ്റാറ്റ്യൂട്ടറി ഫോറങ്ങൾ സമർപ്പിക്കണം. സ്റ്റാറ്റ്യൂട്ടറി ഫോറങ്ങൾ സമർപ്പിച്ചില്ലെങ്കിൽ നിയമപരമായി ലഭിക്കേണ്ട ഇളവുകളും കിഴിവുകളും ലഭ്യമാകില്ലെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.